ശ്രീ. കെ. അവുക്കാദർകുട്ടിനഹ : റോഡുകൾ ഏറ്റെടുക്കാൻ സാമ്പത്തിക കഴിവ് ആവശ്യമില്ല. റോഡ് ഏറ്റെടുക്കുന്നുണ്ട്. റോഡുകൾ നന്നാക്കാനാണ് സാമ്പത്തിക പരാധീനത.

പണി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങൾ

* 96 [138] ശ്രീ. പി. കെ. കെ. ബാവ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങൾ ഏതെല്ലാം ;

(ബി) അതിൽ മേജർ പാലങ്ങൾ ഏതെല്ലാം ;

(സി) ഈ സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിക്കപ്പെടും എന്ന് പ്രതീക്ഷിക്കപ്പെടുന്ന പാലങ്ങൾ ഏതെല്ലാം ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പുതിയ പാലങ്ങളുടെ പണി ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ ഏതെല്ലാം ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് ‡
(ബി) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †
(സി) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †

(ഡി) ഈ സാമ്പത്തികവർഷം പത്ത് പുതിയ പാലങ്ങളുടെ പണി തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ടെങ്കിലും പണി ഈ സാമ്പത്തിക വർഷം തന്നെ തുടങ്ങാൻ കഴിയുമോയെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(ഇ) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †

ശ്രീ. കെ. പി. എ. മജീദ് : സാമ്പത്തികപ്രയാസമുള്ളതുകൊണ്ട് ഈ സാമ്പത്തികവർഷം പുതിയ പാലങ്ങളുടെ പണി ആരംഭിക്കാൻ കഴിയുമോയെന്നുള്ള കാര്യത്തിൽ സംശയമുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സഹകാര്യ വ്യക്തികൾ പാലങ്ങൾ നിർമ്മിച്ച് ടോൾ പിരിച്ചെടുത്ത് അത് ശാസ്ത്രീയമായ രീതിയിൽ നടത്താൻ മുന്നോട്ട് വന്നാൽ അതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അത് പരിഗണിക്കും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : പുതിയതായി പാലങ്ങൾ അനുവദിക്കുമ്പോൾ അവികസിത പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു സമീപനം എടുക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : പാലങ്ങൾ ആവശ്യപ്പെട്ടുവരുന്നതെല്ലാം അവികസിതമാണെന്ന് പറഞ്ഞുകൊണ്ടാണ്. ഗവൺമെന്റിന്റെ ദൃഷ്ടിയിൽ എങ്ങനെയായാലും നാട്ടുകാരുടെയെല്ലാം ദൃഷ്ടിയിൽ അവികസിതമാണ്, ആ നിലയിലാണ് ഗവൺമെന്റിനെ സമീപിക്കുന്നത്. ടെക്നിക്കലായും മറ്റും നോക്കിയതിനുശേഷമാണ് പ്രയോറിറ്റി കൊടുക്കുന്നത്.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ചില ജില്ലകളിൽ പാലവും റോഡും കൂടുതലും ചില ജില്ലകളിൽ തീരെ ഇല്ല എന്നുള്ള അവസ്ഥയും നിലനിൽക്കുകയാണ്. അശാസ്ത്രീയമായ സമീപനമാണ് ഇപ്പോഴും ഇക്കാര്യത്തിലുള്ളത്. അതുകൊണ്ട് ഫണ്ട് അലോട്ട് ചെയ്യുന്ന സമയത്ത് തീരെ ഇത്തരം കാര്യങ്ങളും എത്തിയിട്ടില്ലാത്ത, പാലങ്ങളും നിർമ്മിച്ചിട്ടില്ലാത്ത, അവികസിതമായി നിൽക്കുന്ന പ്രദേശങ്ങൾക്ക് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്ന രീതിയിൽ ഫണ്ട് അലോട്ട് ചെയ്യാൻ ഗവൺമെൻറ് സന്നദ്ധമാകുമോ ?

[ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അത് കഴിയുന്നതും പരിശോധിക്കുന്നുണ്ട്. അപാകത ഉണ്ടാകുന്നത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. വളരെക്കാലങ്ങൾക്ക് മുമ്പുണ്ടായ ഒരു സമീപനത്തിന്റെ അനന്തരഫലമായി ഉണ്ടായതാണ്.

[ശ്രീ. വി. സി. കബീർ : വളരെ സുപ്രധാനമായ ഒറ്റപ്പാലം-മൈനൂർ ക്രോസ്വേയുടെ ഡിസൈനും മറ്റു ആവശ്യമായ പേപ്പറുകളും എല്ലാം ഉപ മുഖ്യമന്ത്രിയുടെ ആഫീസിൽ എത്തിയിട്ടുണ്ട്. പത്ത് പുതിയ പാലങ്ങൾ പണി തുടങ്ങുന്ന ഈ സാഹചര്യത്തിൽ ഒറ്റപ്പാലം-മൈനൂർ ക്രോസ്വേയുടെ നിർമ്മാണംകൂടി ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

[ശ്രീ. കെ. അവുക്കാദർകുട്ടി നഹ : പത്ത് പാലങ്ങൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും സാമ്പത്തിക പരാധീനത കൊണ്ട് ഇക്കൊല്ലം തുടങ്ങാൻ കഴിയുമോ എന്നാണ് ഞാൻ സംശയം പ്രകടിപ്പിച്ചത്. അതുകൊണ്ട് ഇക്കൊല്ലം തുടങ്ങുന്ന പ്രശ്നമില്ല. എന്തായാലും മൈനൂർ ക്രോസ്വേ വളരെ ആവശ്യമാണെന്ന് ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്.

ലൈൻ എക്സ്റ്റൻഷൻ

* 97. [139] [ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം ഗാരണ്ടി വാങ്ങിയിട്ടുള്ള എത്ര ലൈൻ എക്സ്റ്റൻഷനുകൾ പണി നടത്താത്തതായി 29-8-1985 വരെ ബാക്കിയുണ്ട് ; ഏതു വർഷം മുതൽ ;

(ബി) പ്രസ്തുത കണക്ഷനുകൾ എന്നത്തേക്ക് കൊടുത്തു തീർക്കാമെന്നാണ് കരുതുന്നത് ;

(സി) 1985-86-ൽ ലൈൻ എക്സ്റ്റൻഷനുവേണ്ടി ചെലവാക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ എത്ര ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1-4-1985 വരെ 8394 ലൈൻ എക്സ്റ്റൻഷൻ പണികൾ ചെയ്തു തീർക്കാനുണ്ട്. 1978 മുതലുള്ള പണികൾ ഇതിൽപ്പെടും.

(ബി) ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചാൽമാത്രമേ കാലതാമസം കൂടാതെ ഈ ജോലികൾ ചെയ്തു തീർക്കാൻ കഴിയൂ.

(സി) ആറുകോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 93 (135) കാണുക]
[വിദേശമദ്യ മൊത്ത വില്പനശാലകളും ബാറുകളും ഒഴിച്ച്]

ജില്ല	കള്ളു ഷാപ്പുകൾ	ചാരായ ഷാപ്പുകൾ	വിദേശമദ്യ വില്പന ശാലകൾ
തിരുവനന്തപുരം	31	120	7
കൊല്ലം	7	8	3
പത്തനംതിട്ട	9	18	2
ആലപ്പുഴ	144	59	5
കോട്ടയം	71	52	6
എറണാകുളം	101	158	9
ഇടുക്കി	9	6	2
തൃശ്ശൂർ	34	61	3
പാലക്കാട്	12	36	4
മലപ്പുറം	40	41	1
കോഴിക്കോട്	38	77	6
വയനാട്	18	93	5
കണ്ണൂർ	10	43	2
കാസർകോട്	—	—	—
ആകെ	524	772	55

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 96 (138) കാണുക]
ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങൾ

നാഷണൽ ഹൈവെ :

1. കുമ്പളം അരൂർ പാലം
2. കോട്ടപ്പുറം പാലം
3. ചേറുവാ പാലം
4. കുറിക്കോൽ പാലം
5. ചന്ദ്രഗിരിപ്പാലം
6. കോട്ടക്കടവ് പാലം

LIBRARY ARCHIVES Kerala Legislative Assembly

ബി. ആൻറ്. ആർ. വിഭാഗം :

1. നെടുനീലി പാലം
2. പഴകുറ്റി പാലം
3. കാക്കാമൂല പാലം
4. കൊല്ലംകോണം പുളിയകോണം പാലം
5. മലയിൻകീഴ് ഊരുട്ടമ്പലം റോഡിലെ 2/400-ലെ പാലം
6. രാജഗിരി എസ്റ്റേറ്റ് റോഡിലെ നീരാട്ടുപാറ പാലം
7. അരുവിക്കുഴി പാലം
8. പീരുമേട് ഏലിക്കുളം റോഡിലെ 5 കിലോ മീറ്ററിലെ പാലം
9. ചിറ്റൂർ കോണാട് റോഡിലെ 1-ാം കി.മീ. പാലം
10. ,, 2-ാം കി. മീ.
11. പശുപ്പാറ വാഗമൺ റോഡിലെ വാഗമൺ പാലം
12. കൊല്ലം ചെങ്കോട്ട റോഡിലെ അത്തപ്പാടി പാലം
13. മാംപ്ര നടപ്പാലം
14. പാലത്തിങ്കൽ നടപ്പാലം
15. ശാർക്കര പാലം
16. കുംപഴ കോഴഞ്ചേരി റോഡിലെ 19-ാം മൈലിലെ പാലം
17. കല്ലട പുഴക്ക് കുറുകെയുള്ള കടപ്പുഴ കടവ് പാലം
18. കരമന പുഴക്ക് കുറുകെ വെള്ളൈക്കടവ് പാലം
19. വണ്ടിത്തിട്ട പനമ്പറ റോഡിലെ പനമ്പറ പാലം
20. കക്കാട്ടാറിന് കുറുകെ മുണ്ടക്കയം പാലം
21. വഴയില പാലം
22. താഴൂർക്കടവ് പാലം
23. കല്ലട പുഴക്ക് കുറുകെ ഇടക്കടവ് പാലം
24. പൂവാർ ബസ്സ്റ്റാൻറേജ് റോഡിൽ 0/1-ലെ ചാക്കിയാർ പാലവും 0/4-ലെ പാലവും
25. പള്ളാതുരുത്തി പാലം
26. നെടുമുടി പാലം
27. കുടുംപേരൂർകടവ് പാലം
28. പൊറ്റമേൽകടവ് പാലം
29. പന്തളം പാലം
30. കോവളംകടവ് പാലം
31. പാറക്കൽകടവ് പാലം
32. നാളികകടവ് പാലം
33. കുളത്തൂർമുഴി പാലം
34. ചേറുപുരക്കൽ പാലം
35. മുടാക്കലി പാലം
36. കൈണക്കോട് പാലം
37. തിരുവല്ല പുളിക്കീഴ് റോഡിലെ പാലം
38. ആലുംനാക്കൽ റോഡിലെ പാലം
39. കോട്ടപ്പുറം കൃഷ്ണൻകോട്ട റോഡിലെ ആപ്പുഴ പാലം
40. കോട്ടമൺ പാലം
41. മനക്കൽ കടവ് പാലം
42. ബിനാണിപുരം പാലം
43. വിക്റ്റോറിയ പാലം (ജോർജ് ഔട്ട്ലെറ്റ് റോഡിലെ 27-കി.മീ.)
44. ദേവിയാർ പാലം

LIBRARY ARCHIVES Kerala Legislative Assembly

45. പി. ഡി. റോഡിലെ14/400 ലെ പാലം
46. ,, 16/500-ലെ പാലം
47. നങ്കാവ് പാലം
48. ഊർജ്ജായിരി പാലം
49. മംപാട് പാലം
50. പുയ്കുടി പാലം
51. പി.സി.കനാലിലെ 1/3-ലെ പാലം (പൊന്നാനി)
52. പെരുംപടപ്പ് കുണ്ടുച്ചിറ പാലം
53. നരണിപ്പുഴ പാലം
54. ഭവാനിപ്പുഴക്ക് കുറുകെ താവളം പാലം
55. കായിക്കരകടവ് പാലം
56. പെരുപുഴ പാലം
57. പാലക്കോട് പാലം
58. അയ്യപ്പൻതോടു പാലം
59. ഇടത്തറകടവു പാലം
60. തളിപറമ്പ് ഇരിട്ടി റോഡിലെ കരിമ്പം പാലം
61. ശ്രീകണ്ഠപുരം പയ്യാവൂർ റോഡിലെ ഓടാക്ക് പാലം
62. വടകര പാലം
63. നപ്പച്ചാൽ പാലം
64. പെരുംപ പാലം
65. പല്ലതടയ പാലം
66. ഇടനീർ പാല്ലം
67. മയ്യിൽ പാലം (മയ്യിൽ കാഞ്ഞിരകടവ് റോഡ്)
68. ഇടക്കര പാലം
69. കൈതക്കാൽ പാലം (മാനന്തവാടി കൈതക്കാൽ റോഡ്)
70. കളളിയനുകടവ് പാലം (നടുവാൻപുഴക്ക് കുറുകെ)

ലിസ്റ്റ് II

പണി നടന്നുകൊണ്ടിരിക്കുന്ന മേജർ പാലങ്ങൾ
നാഷണൽ ഹൈവെ : ബി ആൻറ് ആർ വിഭാഗം :

ലിസ്റ്റ് ഒന്നിൽ ക്രമനമ്പർ 15 മുതൽ 70 വരെ

1. കുമ്പളം അരൂർ പാലം
2. കോട്ടപ്പുറം പാലം
3. ചേറുവ പാലം
4. ചന്ദ്രഗിരി പാലം
5. കോട്ടകടവ് പാലം

ലിസ്റ്റ് III

ഈ വർഷത്തിൽ പണി പൂർത്തീകരിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്ന പാലങ്ങൾ
നാഷണൽ ഹൈവെ

1. കോട്ടപുറം പാലം
2. ചേറുവാ പാലം

LIBRARY ARCHIVES Kerala Legislative Assembly

ബി. ആൻറ് ആർ. വിഭാഗം

1. ശാർക്കര പാലം
2. കുമ്പഴ കോഴഞ്ചേരി റോഡിലെ 19 കി. മീ. പാലം
3. വെള്ളൈകടവ് പാലം
4. വഴയില പാലം
5. കുട്ടുംപേരൂർകടവ് പാലം
6. മാളികകടവ് പാലം
7. പെരുപുകൻ പാലം
8. അനാപ്പുഴ പാലം
9. മനക്കൽ കടവ് പാലം
10. മംപാട് പാലം
11. പൂങ്കുട്ട പാലം
12. നരണിപ്പുഴ പാലം
13. അരിംപാ പാലം
14. ഒട്രോത്ത് പാലം
15. മടത്തറ പാലം
16. നടച്ചാൽ പാലം
17. പെരുംപ പാലം
18. പല്ലത്തടുക്ക പാലം
19. ഇടനീർ പാലം
20. മയ്യിൽ പാലം
21. ഇടക്കര പാലം
22. കൈനക്കാൽ പാലം
23. നെടുനീലി പാലം
24. പാലത്തിങ്കൽ നടപ്പാലം

ലിസ്റ്റ് IV

(ഈ സാമ്പത്തിക വർഷത്തിൽ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങളം)

നാഷണൽ ഹൈവെ വിഭാഗം :

കുമ്പളങ്ങി പെരുപടപ്പ് പാലം

ബി. ആൻറ് ആർ. വിഭാഗം

1. പൈക കൊഴുവനാൽ റോഡിലെ കൊച്ചുകൊട്ടാരം കടവ് പാലം
2. മീനച്ചിൽ ആറിന് കുറുകെ പുന്നത്തറയിലെ നടപ്പാലം
3. കല്ലുവാതുക്കൽ ചെങ്കുളം റോഡിലെനടുത്തല പാലം
4. റെനി. എസ്. കനാലിലെ പാലം (കൊല്ലം ടൗൺ)
5. പാലക്കുഴി പാലം
6. നെടുങ്ങാടി നായരമ്പലം പാലം
7. റയോറാം പാലം
8. നീർവാരം പാലം
9. മാനന്തവാടി കൺട്രോത്ത് വയൽ റോഡിലെ 1/0 കി. മീ. പാലം

LIBRARY ARCHIVES Kerala Legislative Assembly